## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5589** **24-03-2025 - ൽ മറുപടിയ്ക്ക്**

## ആശുപത്രികളിലെ മരുന്നുക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ യഥാസമയം മരുന്നുകൾ ലഭിക്കാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ എല്ലാം തന്നെ ആശുപത്രികളിൽ ലഭ്യാകുന്നു എന്നുറപ്പാക്കിയാണ് മുന്നോട്ട് പോകുന്നത്.<br><br>ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും സമർപ്പിക്കുന്ന അവശ്യമരുന്നുകളുടെ വാർഷിക ഇന്റന്റിന് അനുസൃതമായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ക്ഷണിക്കുന്ന ദർഘാസുകളിൽ ലഭ്യമായ എല്ലായിനം മരുന്നുകളുടെയും വിതരണം സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലേക്കും കൃത്യമായി നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ടെൻഡർ നടപടികളിൽ ഉൾക്കൊള്ളിച്ചത് പ്രകാരം ഇൻഡന്റിന്റെ 25% കൂടുതൽ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>വിതരണക്കാരെ ലഭിക്കാത്ത ഇനം മരുന്നുകൾ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള(Local purchase) അനുമതി നൽകിയിട്ടുണ്ട്.<br><br>അവശ്യമരുന്നുകൾ കൂടാതെ De Addiction, Cancer Care, Cardiac Care, Stroke, Hemodialysis, NPNCD, NPHCE, Swass, DMHP, NVHCP, Mental Health തുടങ്ങി വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്നുകളും കോർപറേഷൻ വഴി വിതരണം നടത്തി വരുന്നു. ഇതിന് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾ വഴിയുള്ള മരുന്ന് പർച്ചേസുകളും ആശുപത്രികളിൽ നടത്താറുണ്ട്. ഇതോടൊപ്പം, കാസ്പ്, ആരോഗ്യകിരണം, ആർ.ബി.എസ്.കെ., മെഡിസെപ്പ്, ട്രൈബൽ പദ്ധതികളിൽ |

ഉൾപ്പെടുത്തിയും രോഗികൾക്ക് ആവശ്യമായ മരുന്നുകൾ നൽകിവരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റ് വഴി ലഭിക്കുന്ന വാക്സിനുകളും മറ്റ സാധനങ്ങളും (contraceptives Tab.Iron, Calcium, Zinc etc.) സ്റ്റോക്കെടുത്ത് വിതരണം ചെയ്യുന്നതിനായി ജില്ലാ/സംസ്ഥാന തലത്തിൽ Stores Officer(Family Welfare) മുഖാന്തിരം മോണിറ്റർ ചെയ്യപ്പെടുന്നുണ്ട്. സംസ്ഥാനതലത്തിൽ മരുന്നുകളുടെ സ്റ്റോക്ക് മോണിറ്റർ ചെയുന്നതിനായി അഡീഷണൽ ഡയറക്ടർ(മെഡിക്കൽ), ഡെപ്യൂട്ടി ഡയറക്ടർ(മെഡിക്കൽ), അസിസ്റ്റന്റ് ഡയറക്ടർ (ഫാർമസി),സ്റ്റോർസ് ഓഫീസർ(എഫ്.ഡബ്ല്യൂ), സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ഫാർമസിസ്റ്റ് എന്നിവർ ചേർന്നുള്ളഒരു സ്റ്റേറ്റ് സ്റ്റോഴ്സ് വെരിഫിക്കേഷൻ ടീമും പ്രവർത്തിച്ചു വരുന്നു. ജില്ലാ തലത്തിൽ മരുന്നുകളുടെ സംഭരണ വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർ വെരിഫിക്കേഷൻ നടത്തുന്നതിനായും ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്നു.

സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ടീമും 14 ജില്ലകളിലെയും ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീമുകളും ചേർന്ന് എല്ലാ വെള്ളിയാഴ്ചയും മരുന്നുകളുടെ സ്റ്റോക്ക് പൊസിഷനെക്കുറിച്ച് ഓൺലൈൻ യോഗം നടത്തുകയും മരുന്നുക്ഷാമമുള്ള സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമായ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷണൽ ട്രാൻസ്ഫർ നടത്തുകയും ചെയുന്നു.

ഓരോ സ്ഥാപനത്തിലെയും മരുന്നുവിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റോർസ് വെരിഫിക്കേഷൻ നടത്തുന്നതിനും സ്റ്റോർസ് സൂപ്രണ്ട് /ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ/ ഫാർമസിസ്റ്റ് എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. സ്ഥാപനതലത്തിലെ മെഡിക്കൽ ഓഫീസർമാർ/സൂപ്രണ്ടുമാർ മേല്പറഞ്ഞ ഫാർമസി വിഭാഗം ജീവനക്കാർ വഴി മരുന്നുകളുടെ സ്റ്റോക്കിന്റെ അവസ്ഥയും വിതരണവും മോണിറ്റർ ചെയ്യുന്നു . സ്ഥാപനങ്ങളുടെ ഘടനയ്ക്കനുസരിച്ച് രാവിലെ 9മണി മുതൽ വൈകിട്ട് 6മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും നിലവിലുണ്ട്. ഫാർമസികളിലൂടെയല്ലാതെ കാഷ്വാലിറ്റി, ഇൻപേഷ്യന്റ് (ഐപി) തുടങ്ങിയ വിഭാഗങ്ങളിലൂടെയും രോഗികൾക്ക് മരുന്നു ലഭ്യമാകുന്നുണ്ട്. ജീവൻ രക്ഷാ

| | | | |
|---|---|---|---|
| | | | ഔഷധങ്ങളായ ആന്റി സ്നേക് വെനം (ASV), Intra dermal rabies vaccine (IDRV), ERIG തുടങ്ങിയവ മുടക്കം കൂടാതെ ലഭ്യമാകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. ഓരോ സ്ഥാപനങ്ങളിലേയും സ്റ്റോർസ് കസ്റ്റോഡിയൻമാർ പ്രസ്തുത സ്ഥാപനത്തിലെ വിവിധ യൂണിറ്റ്/സെക്ഷനുകളിൽ നിന്ന് ലഭിക്കുന്ന ഇൻഡന്റുകൾ കൺസോളിഡേറ്റ് ചെയ്ത് സ്ഥാപന മേധാവി ചെയർമാനായി രൂപീകരിച്ച കമ്മറ്റിയിൽ അവലോകനം നടത്തി അംഗീകരിച്ചതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് അയയ്ക്കുന്നു. മരുന്നുകളുടെ ഷോർട്ടേജ് കണ്ടെത്തുന്നതിനും സ്റ്റോക്ക് പൊസിഷൻ മോണിറ്റർ ചെയ്യുന്നതിനും Drug Distribution Management System (DDMS) എന്ന സോഫ്റ്റ്‌വെയർ നിലവിലുണ്ട്.<br><br>കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത കൃത്യമായ ഇടവേളകളിൽ നിരീക്ഷിച്ച് ഉറപ്പാക്കി വരുന്നുണ്ട്. മരുന്നുകളുടെ ലഭ്യത വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ കോർപറേഷന്റെ നേതൃത്വത്തിൽ വെയർഹൗസ് മാനേജർമാരുടെ അവലോകന യോഗം നടത്തി വരുന്നു. കൂടാതെ മാസത്തിൽ ഒരിക്കൽ നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ സമ്മേളനത്തിൽ മരുന്നുകളുടെ നിലവിലെ സ്റ്റോക്ക് നിലവാരം വിശകലനം ചെയ്യുകയും അവയുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ബി) | സർക്കാർ ആശുപത്രികളിൽ മരുന്ന് യഥാസമയം ലഭിക്കാത്തതുമൂലം രോഗികൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ